# Digital@ge


## SCHOOL DIGITAL MAGAZINE




SWAMI GURUVARANANDA MEMORIAL GOVT. HIGHER SECONDARY SCHOOL

KOLATHUR

## EDITORIAL BOARD



എഡിറ്റർ
കാളിദാസ് എ കെ



സബ്എഡിറ്റർ
ഋതുവർണ.ടി പി

## MEMBERS



ഹെഡ്മാസ്റ്റർ
ജയപ്രകാശൻ



സീനിയർഅസിസ്റ്റന്റ്
ശശീന്ദ്രദാസ് ഇ



കൈറ്റ്മാസ്റ്റർ
ലത്തീഫ് സി കെ



കൈറ്റ്മിസ്ട്രസ്സ്
സിമിന എം



H.S.A
ശ്രീയേഷ് മോഹൻ

## LITTLE KITES MEMBERS




## ഉള്ളടക്കം

1. ആമുഖം
2. സന്ദേശം
3. വിദ്യാലയ ചരിത്രം
4. Mother! The right of home
5. മുത്തശ്ശി
6. I am Alone
7. അമ്മ
8. My friends
9. നിന്റെ ഓർമ്മകൾ
10. സുപ്രഭാതം
11. എന്റെ സ്വപ്നം
12. മഴയോടൊപ്പം
13. ससमसजजक  ससस कक जत  और  उसकस  महतव
14. ചിത്രശാല

# ആമുഖം

പ്രിയ കൂട്ടുകാരേ,കേരളത്തിലെ പൊതുവിദ്യാദ്യാസരംഗത്ത് പുതുചലനങ്ങളുണർത്തിക്കൊണ്ട് "ലിറ്റിൽ കൈറ്റ്സ്"' പുതിയ ഒരു വഴിയിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. പാഠപുസ്തകങ്ങളിലൂന്നിയാണ് കേവല വിദ്യാദ്യാസത്തിനപ്പുറം പഠനപ്രക്രിയയുടെ മുഖഛായ തന്നെ മാറിക്കൊണ്ടിരിക്കുന്നു. വിവരസാങ്കേതിക--വിദ്യയുടെ കുതിച്ചുചാട്ടം വിദ്യാർത്ഥികളിലെത്തിക്കുകയും അവരെക്കൂടി അതിൽ ഭാഗവാക്കാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന "ലിറ്റിൽ കൈറ്റ്സ്"' ഒരു ചെറിയ സംരംദമാണ് ഈ ഡിജിറ്റൽ മാഗസിൻ.

വർണ്ണങ്ങളും വർണ്ണരേഖകളും,മാറ്റങ്ങളും മാറ്റൊലികളും കൊണ്ട് കാലത്തിന്റെ നേർരേഖപോലെ കാലപ്രവാഹത്തിനെതിരെ തുഴയുമ്പോഴും പ്രത്യാശയുടെയും പ്രതീക്ഷയുടെയും പൂമൊട്ടുകൾ വിരിയുന്നു.ഈ പൂമരതണലിൽ പറഞ്ഞിരിക്കാനും ഏറെയുണ്ട്. താളുകൾ മറിക്കുമ്പോൾ സർഗ്ഗശേഷിയുടെ ലോകത്തിനപ്പുറം സാങ്കേതിക വിദ്യയുടെ ഒത്തിരി ജ്ഞാനം കൂടി ഞങ്ങൾ ആർജ്ജിക്കുകയാണ്.കുറ്റങ്ങളും കുറവുകളും ക്ഷമിക്കുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ സമർപ്പിക്കുന്നു.




എഡിറ്റർ

കാളിദാസ്

9. A

## സന്ദേശം



എൻ.നളിനാക്ഷൻ
പ്രിൻസിപ്പാൾ
എസ് .ജി .എം.ജി .എച്ച്.എസ്.എസ് കൊളത്തൂർ

സ്വാമിഗുരുവരാനന്ദ മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്രൂളിലെ ലിറ്റിൽകൈറ്റ്സ് ക്രൂട്ടായ്മ ഒരുക്കുന്ന ഡിജിറ്റൽ എയ്ജ് എന്ന ഡിജിറ്റൽ മാഗസിൻ ഏറെ ശ്രദ്ധേയവും വിദ്യാർത്ഥികൾക്ക് ഉപകാരപ്രദവുമാകട്ടെ എന്ന് ആശംസിക്കുന്നു

# സന്ദേശം



ജയപ്രകാശൻ
ഹെഡ്മാസ്റ്റർ
എസ് .ജി .എം.ജി .എച്ച്.എസ്.എസ് കൊളത്തൂർ

കുട്ടികളുടെ ഭാവന ചിറകുവിടർത്തുന്ന പുതിയ കാലത്തിന്റെ,

ലിറ്റിൽ കൈറ്റ്സിന്റെ ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

# സന്ദേശം

M.P മണി
P.T.A പ്രസിഡന്റ്
എസ് .ജി .എം.ജി .എച്ച്.എസ്.എസ് കൊളത്തൂർ

സ്വാമി ഗുരുവരാനന്ദ മെമ്മോറിയൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ 2018-19 അധ്യയന വർഷത്തിൽ 'ലിറ്റിൽ കൈറ്റ്സ് 'ന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുന്നതിൽ സ്കൂൾ രക്ഷാകർത്തൃസമിതിയുടെ സന്തോഷം അറിയിക്കട്ടെ. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകളുടെ ഭാവന വിടർത്തുവാൻ അവസരമൊരുക്കിയ ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**സ്വാമി ഗുരുവരാനന്ദ**
**മെമ്മോറിയൽ ഗവൺമെന്റ്**
**ഹയർസെക്കൻഡറി സ്കൂൾ**
**കൊളത്തൂർ.**

## വിദ്യാലയ ചരിത്രം

നന്മണ്ട ഗ്രാമപഞ്ചായത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കപ്രദേശമായ കൊളത്തൂരിൽ ഒരു ഹൈസ്ക്കൂൾ ആരംഭിക്കണമെന്ന് 1969-70 കാലഘട്ടത്തിലാണ് നാട്ടുകാരിൽ ചിലർ ആഗ്രഹിക്കുന്നത്. ഇതിനെ തുടർന്ന് 30-1-1970 ന് കൊളത്തൂർ എഡ്യൂക്കേഷണൽ സൊസൈറ്റി സ്ഥാപിക്കുകയും എൻ.കെ.ഗോപാലൻകുട്ടിനായരെ പ്രസിഡന്റായും സ്വാമി ഗുരുവരാനന്ദയെ രക്ഷാധികാരിയായും തെരഞ്ഞെടുക്കുകയും ചെയ്തു. സൊസൈറ്റി ഡയറക്ടർമാർ ഓഹരിയെടുത്ത് 2 ഏക്കർ 18 1/2 സെന്റ് സ്ഥലം വിലക്കു വാങ്ങി. എൻ.കെ.ഗോപാലൻകുട്ടിനായരാണ് ഏകദേശം 50% ഷെയറുമെടുത്തത്.

സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ക്കൂളിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നല്ല നിലയിൽ പുരോഗമിക്കുമ്പോഴാണ് സ്വകാര്യവിദ്യാലയങ്ങൾ അനുവദിക്കില്ലെന്ന ഗവൺമെന്റ് നയം ഒരു പ്രശ്നമായിവരുന്നത്. ഏതുനിലയിലും കൊളത്തൂർ പ്രദേശത്ത് ഒരു ഹൈസ്ക്കൂൾ വേണമെന്ന സ്വാമി ഗുരുവരാനന്ദയുടെയും നാട്ടുകാരുടെയും ആഗ്രഹം സാധിക്കാൻ സൊസൈറ്റി വിലക്കുവാങ്ങിയതുൾപ്പെടെ 3 ഏക്കർ സ്ഥലവും 6 മുറികളുമുള്ള കെട്ടിടവും സർക്കാരിലേക്ക് സംഭാവന നൽകാമെന്ന വാഗ്ദാനത്തെ തുടർന്നാണ് കൊളത്തൂർ ഗവണ്മെന്റ് ഹൈസ്ക്കൂളിന് വഴിയൊരുങ്ങുന്നത്.82 1/2 സെന്റ് സ്ഥലം വായനോത്ത് മാധവിക്കുട്ടിയമ്മ വിലയൊന്നും വാങ്ങാതെ സൊസൈറ്റിക്ക് വിട്ടുകൊടുത്തു.

നന്മണ്ട വില്ലേജിൽ കൊളത്തൂർ ദേശത്ത് 31/1 ഇ, 31/4, 31/5, 31/6 എന്നീ റി.സ. കളിലായി 3 ഏക്കർ ഒരു സെന്റ് സ്ഥലവും സ്വാമിയുടെ നേതൃത്വത്തിൽ നാട്ടുകാർ നിർമ്മിച്ച 6 മുറികളുള്ള ഓടിട്ട കെട്ടിടവും ഗവൺമെന്റിലേക്ക് വിട്ടുകൊടുത്തു. 1974 ആഗസ്റ്റ് 15-ാം തിയ്യതി അന്നത്തെ ബാലുശ്ശേരി മണ്ഡലം എം.എൽ.എ. എ.സി.ഷൺമുഖദാസ് കൊളത്തൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ ഉദ്ഘാടനം ചെയതു. കോഴിക്കോട് ജില്ലാ കലക്ടറായിരുന്ന എം.ജി.കെ. മൂർത്തി, കെ.ജി. അടിയോടി, വടകര ഡി.ഇ.ഒ. ആയിരുന്ന വി. പത്മാവതിയമ്മ, ഡി.ഇ.ഒ.യുടെ പേഴ്സണൽ അസിസ്റ്റന്റായിരുന്ന വി.പനോളി എന്നിവരുടെ ആത്മാർത്ഥവും നിർലോഭവുമായ സഹായസഹകരണങ്ങൾ സ്ക്കൂൾ ആരംഭിക്കുന്നതിനുണ്ടായിട്ടുണ്ട്.

2000-01 അധ്യയനവർഷത്തിലാണ് ഈ സ്ക്കൂൾ ഹയർസെക്കന്ററിയായി ഉയർത്തുന്നത്.

## Mother! The right of home

When mother is sad
Everybody in the home share sadness
The whole home looks sad and bed
When mother is worried

When mother is glad
Gladness in all the persons at home
Happiness is visible in everything
When mother is happy

When mother is not at home
It is doubtlessly a dull place
When mother is at home
The weather is nice and beautiful.



**Pooja Lakshmi**

**8.A**

# മുത്തശ്ശി

തപ്പിത്തപ്പി നടക്കണതെന്തിനു മുത്തശ്ശി?

താഴെപ്പോയൊരു സൂചീം തപ്പി നടക്കുകയാണ് കുട്ടികളേ

ഇത്തിരി പോന്നൊരു സൂചിയെന്തിനു മുത്തശ്ശി?

കീറിയ ചാക്ക് തുന്നാനാണ് കുട്ടികളേ



അഞ്ജന.എൻ.പി
8. E

# I AM ALONE

Birds all over the earth,
Fiies far till their birth,
Every nations,become free,
But it caused lots of trees

Trees, the only home of birds,
Our little dove have some words
The story of miseries...........
And efforts of freedom..........



Nirmala N.K

8.B

# അമ്മ

നൻമ്മതൻ നൊമ്പരമാണെന്റെയമ്മ
നൻമ്മതൻ നിലവിളക്കാണെന്റെയമ്മ
വാൽസല്ല്യം  ചൊരിയുന്ന  വാക്കുകളോതുന്ന,
പുണ്യപതിവ്രതയാണെന്റെയമ്മ
കഥകൾ  പറഞ്ഞിട്ടും കളികൾ  പറഞ്ഞിട്ടും
അറിവിന്റെ  നിറകുടമാണെന്റെയമ്മ

അറിവിന്റെ അക്ഷരപ്പടികളിലേയ്ക്കെന്നെ
കൈപിടിച്ചാനയിച്ചീടുമെന്നമ്മ.
അമ്മയെന്നുള്ള രണ്ടക്ഷരംമധുരമാം
എൻ ചുണ്ടിലെന്നും വിളങ്ങിടട്ടെ.

നൻമ്മതൻ നൊമ്പരമാണെന്റെയമ്മ
നൻമ്മതൻനിലവിളക്കാണെന്റെയമ്മ.
കഥകൾ  പറഞ്ഞിട്ടും കളികൾ  പറഞ്ഞിട്ടും
അറിവിന്റെ  നിറകുടമാണെന്റെയമ്മ



**തീർത്ഥ മനോജ്**

**8 A**

# MY FRIENDS

My friend you all my all
you are the one who always
makes me smile
you gives light on my way

Iam so glad for getting
a friendship with you
you became a part
of my all feeling

And also thank for
being a part
throughout my journey



Safa Fathima

8.B

## നിന്റെ ഓർമ്മകൾ

വിടചൊല്ലി അന്നു നീ
പോയനേരത്ത്
നീ പോയ വഴികളിൽ
ഞാൻ മാത്രമായി
നിന്നെ ഞാൻ ഒരു
പാട് കാത്തു നിന്നു
നീ വരുമെന്ന് ഞാൻ
ഓർത്തു പോയി
വിജനമീ വീഥിയിൽ
ചങ്കു പറിച്ച്
നിൻ കൈയ്യിൽ
തന്നതല്ലേ ഞാൻ
നീറി മുറിഞ്ഞ
ഹൃദയത്തിലാകവേ
നിൻ മുഖംമാത്രം
നിറഞ്ഞു നിന്നു.



വർഷ യു കെ
8.c

# സുപ്രഭാതം

കിഴക്കേ ചക്രവാളത്തിൽ  സൂര്യൻ ഉദിച്ചുപൊങ്ങി
തൻ  പ്രജകളെ  നോക്കി പുഞ്ചിരിച്ചു
ഒരു സങ്കടരാത്രി കൂടി മാഞ്ഞുപോയി
ലോകം ജീവിതത്തിൻ ലഹരിയിലേക്ക് വഴുതി വീണു
ദുഃഖവും സന്തോഷവും ഒത്തുകൂടി
ഒരു സുദിനത്തിനു കൂടി തുടക്കമായി
മരതക പട്ടുടുത്ത വീഥിയിൽ മനുഷ്യൻ
തൻ ജീവിത യാത്രയ്ക്ക് തുടക്കമായി
എങ്ങും വിചിത്രമാം കാഴ്ചകൾ
നിറഞ്ഞ ഒരു സുപ്രഭാതം കൂടി
കുടുംബപ്രാരാബ്ധങ്ങളിലേക്കോടുന്ന
ഗൃഹനാഥൻ തൻ കാഴ്ച
പട്ടിണികൊണ്ടുവലയുന്ന ആ അനാഥബാലന്റെ കാഴ്ച
വിചിത്രമാം കാഴ്ചകളിലൂടെ ആ
സുപ്രഭാതം കൂടി കൊഴിഞ്ഞു പോയി.



സുദിന്യ സദൻ
8.E

# എന്റെ സ്വപ്നം

ജീവിതം ഉറക്കത്തിലും ഉണർവിലും ജാലക-
വാതിൽ  തുറക്കുതെൻ സ്വപ്നം
ഞാൻ ചെയ്യാൻ ആഗ്രഹിക്കുന്നതൊക്കെയും
എൻ ജീവിതപാത എളുപ്പമാക്കിടുവാൻ
ഒട്ടും പതറാതെ മുന്നോട്ടു പോകണം
ചിട്ടയായ് ചെയ്യണം കാരടങ്ങളൊക്കെയും
സ്വപ്നമാണെങ്കിലും യാതാർത്ഥ്യമാകുവാൻ
പ്രാപ്തമാക്കിടും മനവും ശരീരവും
ഒട്ടല്ല മുള്ളുക  ശക്തമാം കല്ലുക
ഒട്ടാകെ വേദനവന്നു ഭവിച്ചിടാം
എങ്കിലും പോകണം മുന്നൊട്ടു മുന്നൊട്ടു
ആശങ്കയില്ലാതെ വിജയം വരിച്ചീടാൻ



Ayana Vinod

8. A

## മഴയോടോപ്പം

വർഷകാലം,മഴ,മഴക്കാലം എന്നീ പേരുകൾ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുമ്പോൾ, കൂടെ ഒരുപാട് തേന്ററുന്നഅനുഭവങ്ങളും എത്തും.അത് വേനൽകാലത്തേ പോലെ മനസ്സിന് ചൂട് നൽകുന്നവയല്ല.പകരം ശൈത്യകാലത്തെ കുളിരും തണുപ്പും നൽകുന്നവയാണ്.

മഴയെ ഇഷ്ടപ്പെടാത്തർ ഉണ്ടാവില്ല.ചിണുങ്ങി ചിണുങ്ങി പെയ്യുന്ന മഴമുതൽ ഒരു പ്രദേശത്തെ മുഴുവൻ വെള്ളത്തിലാവുന്ന മഴയുമുണ്ട്.

ഞാൻ, തിമിർത്ത് തുള്ളിക്കൊരുകുടം എന്നകണക്കിന് പെയ്യുന്ന മഴയെ ഇഷ്ടപ്പെടുന്നു . ഞാൻ ചെറുതായിരുന്നപ്പോൾ എനിക്ക് ഇടിയേയും മിന്നലിനേയും പേടിയായിരുന്നു. എന്നാൽ ഒരു പാട്ടിന് ഈണം നൽകാൻ ഉപകരണങ്ങൾക്ക് കഴിയുന്നപോലെ മഴയെ നന്നാക്കാൻ ഇടിക്കും മിന്നലിനുമേ കഴിയൂ. മഴയെക്കുറിച്ചോർക്കുമ്പോൾ എന്റെ മനസിൽ എത്തുന്ന ഒരനുഭവമുണ്ട്; എന്റേത് ഒരു കൂട്ടുകുടുംബമാണ്. ഞങ്ങൾ താമസിച്ച വീട്ടിൽ മേൽക്കൂര ഓടിട്ടതായിരുന്നു.

മഴക്കാലത്ത് ഞങ്ങൾക്ക് പേടിയായിരുന്നു,തേങ്ങയോ ഓലയോ വീണാൽ ഓട് പൊട്ടും.അതുതന്നെ സഠഭവിച്ചു. മഴ കൊട്ടിയിറങ്ങിയതിനാൽ വീടിനുള്ളിൽ വെള്ളഠ വന്നു.ഞങ്ങൾ കുട്ടികളും അമ്മമാരും മാത്രമേ ഉണ്ടായിരുന്നു.അച്ഛനും ചെറിയച്ഛനും ജോലിക്ക് പോയതിനാൽ ഒന്നും ചെയ്യാൻ കഴിയാതെ ഞങ്ങൾ കഷ്ടപ്പെട്ടു.

ഇടിയും മിന്നലും ഒരുപാട് ഭയപ്പെടുത്തി.അച്ഛൻ വന്നപ്പോൾ ഞങ്ങൾ ഓട് മാറ്റി. ഇന്ന് ഞങ്ങൾ പുതുവീട്ടിലാണ് താമസിക്കുന്നത്.മഴയത്ത് ഒരുപാട് കളിച്ചിട്ടുണ്ട്,ചീത്ത കേട്ടിട്ടുമുണ്ട്.തോണി ഉണ്ടാക്കി അതിൽ ഉറുമ്പിനെ കയറ്റി ഒരുപാട് മഴ ആസ്വദിച്ചിട്ടുണ്ട് അത്രയ്ക്ക് നല്ല ഓർമ്മകളാണ് മഴ നമുക്ക് സമ്മാനിക്കുന്നത്.ചിതറിത്തെറിക്കുന്ന ശബ്ദവും മണ്ണിന്റെ മണവും എനിക്കൊത്തിരി ഇഷ്ടമാണ്.ഓരോ മഴയോടെയും അതിനോടുള്ള എന്റെ ഇഷ്ടം കൂടുന്നു.



നന്ദ എസ്സ് നായർ
8. E


# सामाजिक संस्कृति और उसका महत्व

भारतवर्ष प्राचीन काल से एक महान देश रहा है।इसकी प्राचीनता को हम अनेक रूपों में आज भी देखते हैं।जब से इतिहास का प्रारंभ होता है उसके पूर्व से ही भारत का संस्कृतिक विकास हो चुका है। भूतत्वेताओ ने विभिन्न खुदाइयो के आधार पर जिन तथ्यों को प्रकाशित किया उससे स्पष्ट हो जाता है कि भारतीय संस्कृति अति प्राचीन हैं।वर्तमान रूप में यह संस्कृति एक विविध व्यूह दिखाई पडती हैं।

प्रत्येक व्यक्ति जब बहुत ही बातों में समान रूप से व्यवहार करते हैं तो वह समाज कहा जाता हैं। भारतीय समाज की सबसे बडी विशेषता है अनेकता में एकता और विभिन्नता में समानता।'संस्कृति' शब्द अपने में सभी सामाजिक संस्कारों, परंम्पराओं, सभ्यता के विभिन्न तत्वों तथा लौकिक आध्यात्मिक विषयों में हिन्दू, मुसल्मान, ईसाई, सिख, पारसी तथा अन्य जंगली जातियां विभिन्न प्रकार के संस्कारों की करती है पर उनमें अनेक परंपरायें समान ही है।वर्तमान रूप में भारतीय संस्कृतियों का संगम बनी हुई है।

संस्कृति और परंपराओं में गहरा संबन्ध है।भारतीय संस्कृति, जिनका देश-विदेश में गुणगान होता रहता है,वह है भारतीय दर्शन, ज्योतिष तथा साहित्यशास्त्र्र की सूक्ष्मता और विश्लेषणात्मक तथ्य निरूपण। भारतीय संस्कृति में जीवन के लौकिक और आध्यात्मिक-दोनों पक्षों की अलग-अलग मीमांसा की गई है तथा लौकिक पक्ष की आध्यात्मिक उन्नति के साधन के रूप में सहायक कहा गया है।गीता का सामान्य उपदेश है कि कर्म करो, फल में आसक्ति न रखो, यही कर्मयोग का निष्काम कर्म है।

भारतीय संस्कृति इतनी व्यापक वस्तु है तथा इसका विकास इतने ठोस रूप से हुआ है कि यह इतने प्रकार के आघातों को सहकर भी अभी सुरक्षित है।अपने वर्तमान रूप से इसमें कतिपय विकृतिय जैसे छुआछूत, संकीर्णता आदि आ गई है या राजनैतिक कारणों से बढ गई हैं।उनका परिमार्जन समय स्वयम करता है।भारतीय संस्कृति नमनीय अवश्य है पर नियमों की अवहेलना के साथ नहीं।यह तो प्रत्येक परिस्थिति के लिए मार्ग और नियम है जिनके अनुसार संस्कृतिक सुधार होते रहते हैं।



SREEVEDH

10. A

# ചിത്രശാല











